ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ. ബി 6/1729/2024/മെ.വി.വ.** **തീയതി: 28-10-2024**

സ്വീകർത്താവ്,

പ്രിൻസിപ്പൽ,
ഗവൺമെന്റ് കോളേജ് ഓഫ് നഴ്സിംഗ്
തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/ തൃശ്ശൂർ/കോഴിക്കോട്/കണ്ണൂർ/എറണാകുളം

സർ/മാഡം,

വിഷയം: മെ.വി.വ. - അക്കാദമിക് – 2024-25 അധ്യയന വർഷത്തെ എം.എസ്.സി നഴ്സിംഗ്പ്രവേശനം - മോപ് അപ് അലോട്ട്മെന്റുകൾക്ക് ശേഷമുള്ള ഒഴിവുകൾ നികത്തുന്നത് - സംബന്ധിച്ച്.

സൂചന : 1. പ്രവേശന പരീക്ഷ കമ്മീഷണറുടെ 26.10.2024-ലെ CEE/138/2024-TA3 നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ/സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ 2024-25 അധ്യയന വർഷത്തെ എം.എസ്.സി നഴ്സിംഗ് പ്രവേശനത്തിനുള്ള മോപ് അപ് അലോട്ട്മെന്റ് 24.10.2024 ന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുണ്ടെന്നും, മോപ് അപ് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് 28.10.2024 ഉച്ചയ്ക്ക് 12.00 മണിവരെയാണ് അതത് കോളേജുകളിൽ പ്രവേശനം നേടുന്നതിന് നിർദ്ദേശം നൽകിയിരിക്കുന്നതെന്നും, പ്രസ്തുത സമയത്തിന് ശേഷവും എം.എസ്.സി നഴ്സിംഗ് കോഴ്സിൽ വിവിധ സർക്കാർ/സ്വാശ്രയ സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ ഒഴിവുകൾ നിലനിൽക്കാനുള്ള സാധ്യതയുണ്ടെന്നുള്ള വിവരം പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിച്ചിരിക്കുന്നു(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

പ്രവേശന പരീക്ഷ കമ്മീഷണറുടെ അലോട്ട്മെന്റ് നടപടികൾക്ക് ശേഷമുള്ള പ്രസ്തുത ഒഴിവുകളിലേയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/അതത് കോളേജ് പ്രിൻസിപ്പാൾമാർക്ക് പ്രവേശന നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് വിവരവും പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിലും പ്രവേശന നടപടികൾ ഈ മാസം അവസാനിപ്പിക്കേണ്ടതുള്ളതിനാലും സർക്കാർ നഴ്സിംഗ് കോളേജുകളിൽ മോപ് അപ് അലോട്ട്മെന്റിനു ശേഷവും ഒഴിവുകൾ വരുകയാകണെങ്കിൽ സിഇഇയിൽ നിന്ന് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും ബന്ധപ്പെട്ട പ്രോസ്പെക്ടസിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചും സ്പോട്ട് അലോട്ട്മെന്റ് മുഖേന പ്രവേശന തീയതി അവസാനിക്കുന്നതിനു മുമ്പായി (31.10.2024) അതത് കോളേജിൽ ടി

ഒഴിവുകൾ നികത്തേണ്ടതാണെന്നു നിർദ്ദേശിക്കുന്നു. ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾക്ക് പ്രവേശന പരീക്ഷ കമ്മീഷണറുടെ ഔദ്യോഗിക വെബ് സൈറ്റ് പരിശോധിക്കുവാനും, ഏതെങ്കിലും കാറ്റഗറി വിഭാഗത്തിൽ ഒഴിവ് ഉണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട കാറ്റഗറിയുടെ അഭാവത്തിൽ prospectus നിബന്ധകൾ പ്രകാരം മാത്രം ജനറൽ വിഭാഗത്തിലേയ്ക്ക് മാറ്റാവുന്നതാണ് എന്ന വിവരവും ഇതിനാൽ അറിയിക്കുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്: 2024 ഒക്ടോബർ 31-ന് പ്രവേശന നടപടികൾ അവസാനിക്കുന്നതിനാൽ സീറ്റുകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ ഈ വിഷയത്തിൽ പ്രിൻസിപ്പൽമാർ വ്യക്തിപരമായ ശ്രദ്ധ നൽകേണ്ടതാണ്.**

വിശ്വസ്തതയോടെ,

Signed by
Premaletha.t
Date: 28-10-2024 14:26:25

Dr Premalatha T
JOINT DIRECTOR (NURSING)

പകർപ്പ്: പ്രവേശന പരീക്ഷാ കമ്മീഷണർ
ഏഴാം നില, കെഎസ്ആർടിസി ബസ് ടെർമിനൽ കോംപ്ലക്സ്,
തമ്പാനൂർ, തിരുവനന്തപുരം - 695001

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

നം.സി.ഇ.ഇ/138/2024-TA3 തീയതി : 26-10-2024

**പ്രവേശന പരീക്ഷാ കമ്മീഷണർ**

**DME / പ്രിൻസിപ്പാൾ**

സർ,

വിഷയം:- പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം- എം.എസ്.സി നഴ്സിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം - 2024-25 – മോപ് അപ് അലോട്ട്മെന്റുകൾക്ക് ശേഷമുള്ള ഒഴിവുകൾ നികത്തുന്നത് - സംബന്ധിച്ച്.

സൂചന:- 24.10.2024 തീയതിയിലെ ഇതേ ഫയൽ നമ്പർ വിജ്ഞാപനം.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ/സ്വാശ്രയ നഴ്സിംഗ് കോളേജുകളിൽ 2024-25 അധ്യയന വർഷത്തെ എം.എസ്.സി നഴ്സിംഗ് പ്രവേശനത്തിനുള്ള മോപ് അപ് അലോട്ട്മെന്റ് 24.10.2024 ന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

മോപ് അപ് അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് 28.10.2024 ഉച്ചയ്ക്ക് 12.00 മണിവരെയാണ് അതത് കോളേജുകളിൽ പ്രവേശനം നേടുന്നതിന് നിർദ്ദേശം നൽകിയിരിക്കുന്നത്.

പ്രസ്തുത സമയത്തിന് ശേഷവും എം.എസ്.സി നഴ്സിംഗ് കോഴ്സിൽ വിവിധ സർക്കാർ/സ്വാശ്രയ കോളേജുകളിൽ ഒഴിവുകൾ നിലനിൽക്കാനുള്ള സാധ്യതയുണ്ട്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് നടപടികൾക്ക് ശേഷമുള്ള പ്രസ്തുത ഒഴിവുകളിലേയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/അതത് കോളേജ് പ്രിൻസിപ്പാൾമാർക്ക് പ്രവേശന നടപടികൾ സ്വീകരിക്കാവുന്നതാണ്.

സർക്കാർ നഴ്സിംഗ് കോളേജുകളിൽ ഒഴിവ് വരുന്ന സീറ്റുകളിലേയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സ്പോട്ട് അലോട്ട്മെന്റ് മുഖേന പ്രവേശനം നടത്താവുന്നതും, സ്വാശ്രയ നഴ്സിംഗ്

കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അതാത് കോളേജ് അധികൃതർക്ക് നേരിട്ട് പ്രവേശനം നടത്താവുന്നതുമാണ് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Arun S Nair
Date: 26-10-2024 11:26:29

**പ്രവേശന പരീക്ഷാ കമ്മീഷണർ**